## പതിമൂന്നാം കേരള നിയമസഭ
### ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **1208** 13.06.2013-ൽ മറുപടിയ്ക്ക്

## കോഴിക്കോട് മോണോ റെയിൽ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ.എൻ.എ ഖാദർ** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) കോഴിക്കോട് മോണോ റെയിൽ വിമാനത്താവളം വരെ നീട്ടുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഇക്കാര്യത്തിൽ ഇതുവരെ എടുത്ത നടപടികൾ വ്യക്തമാക്കുമോ ;<br>(ബി) കോഴിക്കോട് മോണോ റെയിലിന്റെ പണി എന്ന് തുടങ്ങുമെന്നും കോഴിക്കോട് വിമാനത്താവളം വരെ അതു നീട്ടുവാൻ നടപടി ഉണ്ടാകുമോ എന്നും വ്യക്തമാക്കുമോ ? | <u>(എ) & (ബി) :</u><br>കോഴിക്കോട് മോണോ റെയിൽ പദ്ധതി ഈ സാമ്പത്തിക വർഷം ആരംഭിച്ച് 3 വർഷം കൊണ്ട് പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ മെഡിക്കൽ കോളേജ് മുതൽ മീഞ്ചന്ത വരെയും രണ്ടാം ഘട്ടത്തിൽ മീഞ്ചന്ത മുതൽ രാമനാട്ടുകര വരെയും നടപ്പിലാക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. വിമാനത്താവളം വരെ മോണോ റെയിൽ പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം പിന്നീട് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ